2. ഈ പെൻഷൻ പദ്ധതി അംഗൻവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 60 വയസ്സ് തികയുന്ന ദിവസം സർവ്വീസിൽ ഉള്ളവർക്കും ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്കും മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ മുടക്കം ഉണ്ടാകാത്തവരും ആകണം. 10 വർഷത്തെ സർവ്വീസിൽ ബാലവാടികളിലെ സർവ്വീസും കണക്കാക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്.

3. 10 വർഷത്തിൽ കുറഞ്ഞ സർവ്വീസുള്ള അംഗൻവാടി വർക്കർ/ഹെൽപ്പർമാർ പിരിഞ്ഞുപോകുമ്പോൾ നിലവിലുള്ള ക്ഷേമനിധി ചട്ടങ്ങൾ പ്രകാരം ക്ഷേമനിധിയിൽ അവർ അടച്ച വിഹിതവും സർക്കാർ വിഹിതവും ക്ഷേമനിധി ചട്ടങ്ങളിൽപറഞ്ഞിട്ടുള്ള പലിശയ്ക്കും മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഈ പദ്ധതിയിൽ മിനിമം പെൻഷൻ ഉണ്ടായിരിക്കുന്നതല്ല.

4. പെൻഷൻ കൈപ്പറ്റിവരുന്നയാൾ മരണപ്പെടുന്നപക്ഷം അവരുടെ അവകാശികൾക്ക് അംഗൻവാടി വർക്കർമാരുടേതാണെങ്കിൽ 15,000 രൂപയും ഹെൽപ്പർമാരുടേതാണെങ്കിൽ 10,000 രൂപയും ഒറ്റത്തവണ എക്സ്ഗ്രേഷ്യയായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കുടുബപെൻഷൻ അനുവദനീയമല്ല.

5. 60 വയസ്സ് പൂർത്തിയായി സർവ്വീസിൽനിന്ന് വിരമിക്കുന്ന ഏതെങ്കിലും അംഗൻവാടി വർക്കർമാർക്കോ ഹെൽപ്പർമാർക്കോ സർക്കാരിൽനിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ മറ്റേതെങ്കിലും ക്ഷേമനിധിയിൽനിന്നോ പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ ഇത്തരക്കാർക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷനോ അല്ലെങ്കിൽ മറ്റ് പെൻഷനോ ഏതെങ്കിലും ഒന്നിനുമാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഏതു പെൻഷൻ വേണമെന്ന് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം പ്രവർത്തകർക്കുണ്ടായിരിക്കുന്നതാണ്.

6. ഈ പെൻഷൻ വിതരണം ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കും.

(ബി) ഇല്ല.

കൊടുവള്ളി മണ്ഡലത്തിലെ അങ്കണവാടികൾ

87 (1815) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുവള്ളി മണ്ഡലത്തിൽ എത്ര അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) എത്ര എണ്ണം പ്രവർത്തനം തുടങ്ങി ; പ്രവർത്തനം തുടങ്ങാത്ത അങ്കണവാടികൾ ഏതെല്ലാമാണ് ;

(സി) മണ്ഡലത്തിലെ ആകെ അങ്കണവാടികൾ എത്രയാണ് ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ എത്രയാണ് ; ഇതിൽ സ്ഥലം ലഭ്യമായവ എത്രയാണ് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 44 അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു :

കിഴക്കോത്ത്	–	1
കൊടുവള്ളി	–	17
മടവൂർ	–	7
നരിക്കുനി	–	4
ഓമശ്ശേരി	–	6
താമരശ്ശേരി	–	9
	ആകെ	44

(ബി) അനുവദിച്ച എല്ലാ അങ്കണവാടികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിൽ ആകെ 267 അങ്കണവാടികൾ ഉണ്ട്.

(ഡി) 98 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. സ്ഥലം ലഭ്യമായ 19 അങ്കണവാടികളുടെ വിവരം ചുവടെ ചേർക്കുന്നു :

കൊടുവള്ളി	സെന്റർ നമ്പർ 249, 250, 254
മടവൂർ	സെന്റർ നമ്പർ 133, 242, 244
താമരശ്ശേരി	സെന്റർ നമ്പർ 91, 192, 194, 97, 199, 201
ഓമശ്ശേരി	സെന്റർ നമ്പർ 162
കിഴക്കോത്ത്	സെന്റർ നമ്പർ 237, 238
നരിക്കുനി	സെന്റർ നമ്പർ 184, 204, 205, 206

കോഴിക്കോട് ജില്ലയിലെ അങ്കണവാടികൾ

88 (1816) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എത്ര അങ്കണവാടികൾ അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച അങ്കണവാടികളുടെ പേര് വിവരം പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 378 അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly